**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കോവിഡ്-19 ലോക് ഡൗണിനെ തുടർന്ന് അന്യ സംസ്ഥാനങ്ങളിൽ അകപ്പെട്ടുപോയ മലയാളികൾക്ക് കേരളത്തിലേക്ക് മടങ്ങി വരുന്നതിനും കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് ആളുകൾ പോകുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംഗ്രഹിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്**

**സ.ഉ.(സാധാ.) നമ്പർ. 1690/2020/പൊ.ഭ.വ.** **തീയതി, തിരുവനന്തപുരം, 30.05.2020**

---

പരാമർശം :- 23.05.2020 ലെ സ.ഉ.(സാധാ) 1599/2020/പൊ.ഭ.വ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ലോക് ഡൗണിനെ തുടർന്ന് അന്യ സംസ്ഥാനങ്ങളിൽ അകപ്പെട്ടുപോയ മലയാളികൾക്ക് കേരളത്തിലേക്ക് മടങ്ങി വരുന്നതിനും കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് ആളുകൾ പോകുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംഗ്രഹിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. <u>സംസ്ഥാനത്തിന് പുറത്തേക്കുള്ള യാത്ര</u>**

***(എ) <u>റോഡ് മാർഗ്ഗം</u>***

(1) ഏത് സംസ്ഥാനത്തേക്കാണോ പോകേണ്ടത് ആ സംസ്ഥാനത്തിന്റെ പ്രവേശന പാസ് നേടിയ ശേഷം കോവിഡ്-19 ജാഗ്രതാ പോർട്ടൽ വഴി ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും എക്സിറ്റ് പാസ്സ് വാങ്ങേണ്ടതാണ്. ഏത് സംസ്ഥാനത്തേക്കാണോ പോകേണ്ടത് ആ സംസ്ഥാനത്തിന്റെ പ്രവേശന പാസ് ഇല്ലാതെ അതിർത്തി കടക്കാൻ അനുവദിക്കുന്നതല്ല.

(2) ജില്ലാ കളക്ടർ അനുവദിക്കുന്ന മൂവ്മെന്റ് പാസിന് രണ്ട് ദിവസത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്.

(3) അന്യ സംസ്ഥാനങ്ങളിൽ കുടുങ്ങിപ്പോയവരെ കൂട്ടി കൊണ്ടുവരുന്നതിനായി പോകുന്നവർ, വാഹനങ്ങളും വ്യക്തികളും പുറത്തേക്ക് പോകുന്നതിന് മുൻപായി സംസ്ഥാനത്തേക്ക് യാത്ര ചെയ്യുന്ന വ്യക്തിയുടെ domestic returnees പാസിൽ കൂട്ടികൊണ്ടുവരാൻ പോകുന്ന വാഹനത്തിന്റെ രജിസ്റ്റർ നമ്പർ അടക്കം രേഖപ്പെടുത്തി സംസ്ഥാനത്തേക്ക് വരാനുള്ള പാസ് (domestic returnees pass) മുൻകൂറായി നേടേണ്ടതാണ്. അതിനുശേഷം പുറത്തേക്ക് പോകേണ്ട വാഹനം, സംസ്ഥാനത്തു നിന്ന് പോകുന്നതിനുള്ള എമർജൻസി പാസ് നേടേണ്ടതാണ്. അതായത് സംസ്ഥാനത്തേക്ക് വരുന്നതിന് domestic returnees pass ഉം സംസ്ഥാനത്തു നിന്ന് കൂട്ടിക്കൊണ്ട് വരാൻ പോകുന്നതിന് എമർജൻസി പാസും, ഉപയോഗിക്കേണ്ടതാണ്. കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ എമർജൻസി പാസ് ഓപ്ഷൻ പല സ്വകാര്യ വാഹനങ്ങളും ദുരുപയോഗം ചെയ്യുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

***(ബി) <u>ട്രെയിൻ മാർഗ്ഗം</u>***

(1) ട്രെയിൻ യാത്രയ്ക്കുള്ള ടിക്കറ്റ് നേടിയ ശേഷം ട്രെയിൻ പുറപ്പെടുന്ന സമയത്തിന് രണ്ട് മണിക്കൂർ മുൻപായി ബന്ധപ്പെട്ട റെയിൽവേ സ്റ്റേഷനിൽ എത്തി ചേരേണ്ടതാണ്.

(2) റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്രയ്ക്ക് റെയിൽവേ ടിക്കറ്റിന്റെ പകർപ്പ് മതിയാകും.
(3) റെയിൽവേ സ്റ്റേഷനിൽ ജില്ലാ ഭരണകൂടം ഒരുക്കിയിട്ടുള്ള മെഡിക്കൽ പരിശോധനയ്ക്ക് ശേഷം യാത്ര നടത്താവുന്നതാണ്.

***(സി) വിമാന മാർഗ്ഗം***

(1) വിമാന യാത്രയ്ക്കുള്ള ടിക്കറ്റ് നേടിയ ശേഷം വിമാനം പുറപ്പെടുന്ന സമയത്തിന് മൂന്ന് മണിക്കൂർ മുൻപായി ബന്ധപ്പെട്ട എയർപോർട്ടിൽ എത്തി ജില്ലാ കളക്ടർ ഒരുക്കിയിട്ടുള്ള മെഡിക്കൽ പരിശോധനയ്ക്ക് ശേഷം യാത്ര നടത്താവുന്നതാണ്.
(2) എയർപോർട്ടിലേക്കുള്ള യാത്രയ്ക്ക് വിമാന ടിക്കറ്റിന്റെ പകർപ്പ് മതിയാകും.

**2. സംസ്ഥാനത്തിന് പുറത്തുനിന്ന് സംസ്ഥാനത്തിന് അകത്തേക്കുള്ള യാത്ര**

***(എ) റോഡ് മാർഗ്ഗം***

(1) കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ ഡൊമസ്റ്റിക്ക് റിട്ടേർണീസ് പാസ് വഴി സംസ്ഥാനത്തിന് അകത്തേക്ക് ചെക്ക് പോസ്റ്റ് വഴി പ്രവേശിക്കാനുള്ള പാസ് നേടിയ ശേഷം മറ്റ് സംസ്ഥാനത്ത് നിന്നുള്ള മൂവ്മെന്റ് പാസ് (ആവശ്യമെങ്കിൽ) നേടിയ ശേഷം യാത്ര തുടങ്ങാവുന്നതാണ്.
(2) ഒരേ വാഹനത്തിൽ ഒന്നിൽ കൂടുതൽ പേർ യാത്ര ചെയ്യുന്നുണ്ടെങ്കിൽ, അതിൽ ഒരാൾ ഗ്രൂപ്പ് ലീഡറായി കോവിഡ്-19 ജാഗ്രതാ പോർട്ടലിൽ ഗ്രൂപ്പ് രൂപീകരിച്ച്, ഗ്രൂപ്പ് ലീഡർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
(3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എല്ലാ അംഗങ്ങളുടെയും വിലാസമടങ്ങുന്ന, ഹോം ക്വാറന്റയിൻ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പാസ്സുകൾ അനുവദിക്കുന്നതാണ്.
(4) യാത്രയ്ക്ക് അനുമതി കിട്ടിയ തീയതികളിൽ മാത്രമേ ചെക്ക് പോസ്റ്റിൽ എത്തിച്ചേരുവാൻ പാടുള്ളൂ.
(5) സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ഭാഗമായി അഞ്ച് സീറ്റുള്ള വാഹനത്തിൽ നാലും, ഏഴ് സീറ്റുള്ള വാഹനത്തിൽ അഞ്ചും, മറ്റു വാഹനങ്ങളിൽ സീറ്റിംഗ് കപ്പാസിറ്റിയുടെ 50% ആളുകൾ മാത്രമേ യാത്ര ചെയ്യുവാൻ പാടുള്ളൂ.
(6) യാത്രയിലുടനീളം മുഖാവരണം ധരിക്കുകയും സാനിറ്റൈസർ ഉപയോഗിക്കുകയും ശാരീരിക അകലം പാലിക്കുകയും വേണം.
(7) ഒരേ വാഹനത്തിൽ യാത്ര ചെയ്യുന്നവർക്ക് വ്യത്യസ്ത ദിവസങ്ങളിലാണ് പാസ് ലഭ്യമായതെങ്കിൽ അതിൽ ഏതെങ്കിലും ഒരാളുടെ പാസിന്റെ ദിവസത്തിൽ യാത്ര നടത്താവുന്നതാണ്.
(8) മറ്റ് സംസ്ഥാനത്തു നിന്നും ചെക്ക് പോസ്റ്റുകൾ വരെ എത്തി ചേരുന്നവർക്ക് അവിടെ നിന്നും വീടുകളിലേക്ക് യാത്ര ചെയ്യുവാൻ വാഹനം ആവശ്യമുണ്ടെങ്കിൽ ജില്ലാ കളക്ടർ ഒരുക്കേണ്ടതാണ്.
(9) ഗർഭിണികൾ, മരണാനന്തര ചടങ്ങിന് പങ്കെടുക്കേണ്ടവർ, അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികളെ സന്ദർശിക്കേണ്ടവർ തുടങ്ങിയവർക്ക് കോവിഡ്-19 ജാഗ്രതാ പോർട്ടലിൽ വഴി എമർജൻസി യാത്രാ പാസ് നേടി യാത്ര നടത്താവുന്നതാണ്.

***(ബി) ട്രെയിൻ മാർഗ്ഗം (റെഗുലർ ട്രെയിൻ)***

(1) അന്യസംസ്ഥാനത്തു നിന്നും വരുന്നവർ ട്രെയിൻ യാത്രയ്ക്കുള്ള ടിക്കറ്റ് IRCTC ബുക്കിംഗ് വഴി നേടിയ ശേഷം കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ ഡൊമസ്റ്റിക്ക് റിട്ടേർണീസ് പാസ് ഓപ്ഷൻ വഴി കേരളത്തിലേക്കുള്ള പ്രവേശന പാസ് നേടേണ്ടതാണ്.

(2) ഒരേ ടിക്കറ്റിൽ ഒന്നിൽ കൂടുതൽ ആളുകൾ യാത്ര ചെയ്യുന്നുണ്ടെങ്കിൽ അവരിൽ ഒരാൾ ഗ്രൂപ്പ് ലീഡറായി ഗ്രൂപ്പ് രൂപീകരിച്ച് എല്ലാവരുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തി പാസിനായി അപേക്ഷക്കേണ്ടതാണ്.

(3) യാത്രയിലുടനീളം ശാരീരിക അകലം, സാനിറ്റൈസർ, മാസ്ക് എന്നിവയുടെ ഉപയോഗം, മറ്റ് കോവിഡ്-19 ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിക്കേണ്ടതുമാണ്.

(4) റെയിൽവേ സ്റ്റേഷനുകളിൽ നിന്നും കൂട്ടി കൊണ്ടുവരാൻ വാഹനം സ്വന്തമായി സജ്ജീകരിക്കുന്നെങ്കിൽ, കൂട്ടികൊണ്ടുവരാൻ പോകുന്നവർ യാത്രക്കാരുമായി കൃത്യമായ ശാരീരിക അകലം പാലിക്കേണ്ടതാണ്. ചെക്ക് പോസ്റ്റ് വരെ എത്തുന്നതിനും മടങ്ങുന്നതിനുമായി യാത്രക്കാരന്റെ ട്രെയിൻ ടിക്കറ്റിന്റെ ഒരു പകർപ്പ് കൈയിൽ കരുതിയാൽ മതിയാകും.

***(സി) <u>വിമാന മാർഗ്ഗം</u>***

(1) വിമാന യാത്രയ്ക്കുള്ള ടിക്കറ്റ് നേടിയ ശേഷം കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ ഡൊമസ്റ്റിക്ക് റിട്ടേർണീസ് ഓപ്ഷൻ വഴി കേരളത്തിലേക്കുള്ള പ്രവേശന പാസ് നേടേണ്ടതാണ്.

(2) എയർപോർട്ടുകളിൽ നിന്നും കൂട്ടി കൊണ്ടുവരാൻ വാഹനം സ്വന്തമായി സജ്ജീകരിക്കുന്നെങ്കിൽ, കൂട്ടികൊണ്ടുവരാൻ പോകുന്നവർ യാത്രക്കാരുമായി കൃത്യമായ ശാരീരിക അകലം പാലിക്കേണ്ടതാണ്. ചെക്ക് പോസ്റ്റ് വരെ എത്തുന്നതിനും മടങ്ങുന്നതിനും യാത്രക്കാരന്റെ വിമാന ടിക്കറ്റിന്റെ പകർപ്പ് കൈയിൽ കരുതിയാൽ മതിയാകും.

**<u>സ്പെഷ്യൽ ട്രെയിനുകൾ</u>**

മറ്റ് സംസ്ഥാനങ്ങളുടെ അനുമതിയോടു കൂടി മാത്രമേ സ്പെഷ്യൽ ട്രെയിനുകൾ സർവ്വീസ് നടത്തുകയുള്ളു. യാത്രക്കുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സർക്കാരുകളാണ് നടത്തുന്നത്. യാത്രാ ടിക്കറ്റ് ഉറപ്പാക്കിയശേഷം താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(a) മറ്റ് സംസ്ഥാന സർക്കാരാണ് ട്രെയിൻ സംവിധാനം ഒരുക്കുന്നതെങ്കിൽ ആ സംസ്ഥാനത്തിലെ നോഡൽ ഓഫീസർ വഴി യാത്രക്കുള്ള ടിക്കറ്റ് കരസ്ഥമാക്കേണ്ടതാണ്. കേരള സർക്കാരിന് അനുവദിക്കുന്ന ട്രെയിനാണെങ്കിൽ നോർക്കയുടെ www.registernorkaroots.org എന്ന പോർട്ടൽ വഴി യാത്രാ ടിക്കറ്റ് കരസ്ഥമാക്കാവുന്നതാണ്. ഇത്തരത്തിൽ ട്രെയിൻ അനുവദിക്കുകയാണെങ്കിൽ നോർക്ക വഴി മുൻകൂർ അറിയിപ്പ് ലഭിക്കുന്നതാണ്.

(b) യാത്ര ഉറപ്പാക്കുന്നതിനായി ടിക്കറ്റ് ലഭിച്ചാൽ ഉടൻതന്നെ കോവിഡ്-19 ജാഗ്രതാ പോർട്ടലിൽ കയറി കേരളത്തിലേക്കുള്ള പ്രവേശന പാസിന് അപേക്ഷിക്കുക.

(c) മറ്റ് സംസ്ഥാനങ്ങളിലെ പല ജില്ലകളിൽ നിന്നും റെയിൽവേ സ്റ്റേഷനിൽ എത്തി ചേരുന്നതിനുള്ള ക്രമീകരണങ്ങൾ അതത് സംസ്ഥാനങ്ങൾ ഒരുക്കേണ്ടതാണ്.

(d) യാത്രക്കാർ കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ പരിശോധനകൾക്ക് വിധേയരാകേണ്ടതാണ്.

**<u>കപ്പൽ മാർഗ്ഗം</u>**

(a) അന്യസംസ്ഥാനത്തു നിന്നും വരുന്നവർ കപ്പൽ യാത്രയ്ക്കുള്ള ടിക്കറ്റ് അതതു സർക്കാരുകൾ വഴി നേടിയ ശേഷം കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ ഡൊമസ്റ്റിക്ക് റിട്ടേർണീസ്

പാസ് ഓപ്ഷൻ വഴി കേരളത്തിലേക്കുള്ള പ്രവേശന പാസ് നേടേണ്ടതാണ്.

(b) കേരളത്തിലെ തുറമുഖങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ പരിശോധനകൾക്ക് ശേഷം രോഗലക്ഷണമില്ലാത്തവർ പതിനാല് ദിവസത്തെ ഹോം ക്വാറൻ്റൈനും അല്ലാത്തവർ തുടർ പരിശോധനകൾക്കും വിധേയമാകേണ്ടതുമാണ്.

**<u>കപ്പൽ/വിമാനം/ട്രെയിൻ മാർഗ്ഗം മറ്റ് സംസ്ഥാനത്തിലേക്ക് എത്തിച്ചേർന്ന ശേഷം കേരളത്തിലേക്കുള്ള പ്രവേശനം:</u>**

(a) മുൻകൂറായിതന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് പ്രവേശിക്കാനുള്ള പാസ് കോവിഡ്-19 ജാഗ്രതാ പോർട്ടൽ വഴി നേടേണ്ടതാണ്.

(b) വിമാനം/കപ്പൽ/ട്രെയിൻ ടിക്കറ്റ് എന്നിവ പ്രവേശന പാസിനൊപ്പം കാണിച്ചാൽ ഏത് ദിവസത്തേക്കുള്ള പാസ് ആയാലും അതിർത്തി വഴി റോഡുമാർഗ്ഗം പ്രവേശനം നേടാവുന്നതാണ്.

(c) എയർപോർട്ടുകളിൽ നിന്നും കൂട്ടികൊണ്ടുവരാൻ വാഹനം സ്വന്തമായി സജ്ജീകരിക്കുന്നെങ്കിൽ, കൂട്ടികൊണ്ടുവരാൻ പോകുന്നവർ യാത്രക്കാരുമായി കൃത്യമായ ശാരീരിക അകലം പാലിക്കേണ്ടതാണ്. ചെക്ക് പോസ്റ്റ് വരെ എത്തുന്നതിനും മടങ്ങുന്നതിനും യാത്രക്കാരന്റെ കപ്പൽ/വിമാനം/ട്രെയിൻ ടിക്കറ്റിന്റെ പകർപ്പ് കൈയിൽ കരുതിയാൽ മതിയാകും.

**<u>കപ്പൽ/വിമാനം/ട്രെയിൻ മാർഗ്ഗം കേരളത്തിൽ എത്തിയ ശേഷം അയൽ സംസ്ഥാനത്തേക്ക് പോകുന്നവർ</u>**

കപ്പൽ/വിമാനം/ട്രെയിൻ യാത്രാ ടിക്കറ്റ് ഉപയോഗിച്ച് യാത്രാ നടത്താവുന്നതാണ്. ഇതിനായി പ്രത്യേക exit pass നേടേണ്ടതല്ല. അയൽ സംസ്ഥാനത്തിലേക്കുള്ള പ്രവേശന പാസ് ആവശ്യമെങ്കിൽ ആയത് നേടിയിരിക്കണം.

**<u>വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ എത്തുന്നവരുടെ യാത്ര</u>**

വിദേശങ്ങളിൽ നിന്നും ഏത് സംസ്ഥാനത്താണോ എത്തിച്ചേരുന്നത് അതേ സംസ്ഥാനത്ത് ക്വാറന്റയിന് വിധേയമാകേണ്ടതാണ്. ഏതെങ്കിലും സംസ്ഥാനം ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ എത്തുന്നവരെ കൂട്ടിക്കൊണ്ട് വരാൻ വാഹനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത സംസ്ഥാനത്തിന്റെ അനുമതിയോട് കൂടി മാത്രം ഇത്തരം യാത്രക്കാരെ അതാത് സംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നതാണ്.

**<u>സംസ്ഥാനത്തേക്കുള്ള സ്ഥിരയാത്രകൾ</u>**

അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്ഥിരമായി ജോലിക്കായും മറ്റ് ആവശ്യങ്ങൾക്കായും യാത്രാ ചെയ്യുന്നവർ Covid-19 ജാഗ്രത പോർട്ടലിലെ short/regular visit ഓപ്ഷൻ വഴി റഗുലർ വിസിറ്റ് പാസ് തേടേണ്ടതാണ്. ഒരു പാസിന് 6 മാസ കാലാവധിയുണ്ടാകും. അതത് ജില്ലാ കളക്ടർമാർ ആവശ്യമായ പരിശോധനകൾക്കുശേഷം പാസ് അനുവദിക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിലെ കണ്ടൈൻമെന്റ് ഏരിയയിൽ നിന്നും വരുന്നവർക്ക് സ്ഥിരയാത്രകൾ അനുവദിക്കുന്നതല്ല.

**സംസ്ഥാനത്തേയ്ക്കുള്ള ബിസിനസ് യാത്രകൾ**

(a) സംസ്ഥാനത്തേക്ക് താമസിക്കുവാനല്ലാതെ മറ്റ് ഔദ്യോഗിക/ബിസിനസ് ആവശ്യങ്ങൾ, വിവിധ മേഖലകളിലെ ഉപകരണങ്ങളുടെ അറ്റകുറ്റപണിക്കൾക്കായി വരുന്നവർ തുടങ്ങിയവർക്ക് സാമൂഹിക അകലവും മറ്റ് ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട് തങ്ങളുടെ കൃത്യം നിർവഹിച്ച് പോകാവുന്നതാണ്. അവിചാരിത കാരണങ്ങളാൽ സന്ദർശനം നീട്ടേണ്ടി വന്നാൽ ഒരുതവണ അത് നീട്ടാനും അവസരമുണ്ടാകും. ഏഴ് ദിവസമായി ഇവരുടെ സന്ദർശന കാലയളവ് ചുരുക്കിയിരിക്കും. ഇവർക്ക് ക്വാറന്റയിൻ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇവർ കോവിഡ്-19 ജാഗ്രതാ പോർട്ടലിൽ തങ്ങളുടെ ആവശ്യം കാണിച്ചുകൊണ്ട് സന്ദർശിക്കുന്ന സ്ഥലങ്ങൾ ആരുമായൊക്കെ ഇടപെടുന്നു എന്നീ വിവരങ്ങൾ കാണിച്ച് short/regular visit ഓപ്ഷൻ വഴി short visit pass കൈപ്പറ്റേണ്ടതാണ്. വ്യക്തമായ കാരണമില്ലാതെ മറ്റ് സ്ഥലങ്ങളിൽ സന്ദർശിക്കുകയോ ആളുകളെ കാണുകയോ ചെയ്യുന്നവർക്ക് നടപടികൾ നേരിടേണ്ടി വരുന്നതാണ്.

(b) സംസ്ഥാനത്തേക്ക് കൂട്ടമായി ജോലിക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്നവർ NIC യുടെ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനുള്ള നടപടി ക്രമങ്ങൾ ലേബർ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**അന്തർജില്ലാ യാത്രകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

(a) ജില്ലാന്തര യാത്രകൾക്ക് പ്രത്യേക യാത്രാ പാസ് ആവശ്യമില്ല. എന്നാൽ ഒഴിച്ചുകൂടാനാകാത്ത യാത്രകൾമാത്രം നടത്തുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

(b) രാത്രി 9 മണി മുതൽ രാവിലെ 5 മണി വരെയുള്ള യാത്രകൾ നിരോധിച്ചിരിക്കുന്നു. എന്നാൽ നേരത്തെ തുടങ്ങിയ യാത്രകൾ പൂർത്തിയാക്കുന്നതിന് ഈ നിബന്ധന ബാധകമല്ല. അത്യാവശ്യ യാത്ര നടത്തേണ്ടവർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നോ Covid-19 ജാഗ്രതാ പോർട്ടൽ വഴിയോ പാസ് നേടേണ്ടതാണ്. എന്നാൽ നേരത്തേ തുടങ്ങിയ യാത്രകൾക്ക് ഈ നിബന്ധനകൾ ബാധകമല്ല.

**ക്വാറന്റയിൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

(a) റോഡ്/വിമാനം/ട്രെയിൻ/കപ്പൽ മാർഗ്ഗം സംസ്ഥാനത്തേക്ക് വരുന്നവർ കേരളത്തിലെ ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ പരിശോധനകൾക്ക് ശേഷം രോഗലക്ഷണമില്ലാത്തവർ പതിനാല് ദിവസത്തെ ഹോം ക്വാറന്റയിനും അല്ലാത്തവർ തുടർ പരിശോധനകൾക്കും വിധേയമാകേണ്ടതുമാണ്.

(b) സംസ്ഥാനത്തേക്ക് പ്രവേശിക്കാൻ കോവിഡ്-19 ജാഗ്രതാ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പാസ് കരസ്ഥമാക്കാതെ വരുന്നവരെല്ലാം 28 ദിവസത്തെ നിർബന്ധിത ക്വാറന്റയിനിന് വിധേയരാകേണ്ടി വരുന്നതാണ്.

(c) കൂട്ടി കൊണ്ടുവരാൻ വാഹനം സ്വന്തമായി സജ്ജീകരിക്കുന്നെങ്കിൽ, കൂട്ടികൊണ്ടുവരാൻ പോകുന്നവർ യാത്രക്കാരുമായി കൃത്യമായ ശാരീരിക അകലം പാലിക്കേണ്ടതാണ്. ഏതെങ്കിലും രീതിയിലുള്ള ശാരീരിക അടുപ്പം ഉണ്ടായിട്ടുണ്ടെങ്കിൽ കൂട്ടികൊണ്ടു പോകാൻ വരുന്നയാളും പതിനാല് ദിവസത്തെ ഹോം ക്വാറന്റയിനിൽ പോകേണ്ടതാണ്.

(d) വീട്ടുകളിൽ ക്വാറന്റയിൻ സംവിധാനമില്ലാത്തവർ സർക്കാർ ഒരുക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ സംവിധാനമോ പെയ്ഡ് ക്വാറന്റയിൻ സംവിധാനമോ ഉപയോഗിക്കാവുന്നതാണ്. ക്വാറന്റയിൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ബാധകമായിരിക്കും.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
ഹെഡ്, വാർ റൂം, ഗവ. സെക്രട്ടേറിയറ്റ്
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

***ഉത്തരവിൻ പ്രകാരം***



***സെക്ഷൻ ഓഫീസർ***